# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2511      05/11/2019-ൽ മറുപടിക്ക്

## ബാരാപോൾ ജലവൈദ്യുത പദ്ധതിയ്ക്ക് സംഭവിച്ച നാശനഷ്ടങ്ങൾ

| | ചോദ്യം<br><br>**ശ്രീ.സണ്ണി ജോസഫ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ ബാരാപോൾ ജലവൈദ്യുത പദ്ധതിയ്ക്ക് 2018, 2019 എന്നീ വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ എന്തൊക്കെയാണ്; | (എ) | 2018 ജൂണിലും തുടർന്ന് ആഗസ്റ്റിലും പദ്ധതി പ്രദേശത്തു രണ്ടു തവണ പ്രളയം ഉണ്ടായി. 2018 ജൂണിൽ ഉണ്ടായ പ്രളയത്തിൽ പുഴ കരകവിഞ്ഞൊഴുകി കനാലിലേക്ക് നേരിട്ട് പ്രവേശിച്ചതിനാൽ മണലും ചെളിയും നിറഞ്ഞു ട്രഞ്ച് വിയർ, ഇൻടേക്ക്, ഡിസിൽറ്റിംഗ്, ടാങ്ക് ഫോർബേ ടാങ്ക്, ടെയിൽ റേസ് (Trench Weir, Intake, Desilting Tank, Forbay Tank, Tail Race) എന്നിവ മൂടുകയുണ്ടായി. പവർ ഹൗസിൽ യൂണിറ്റ് 2 മെഷിന്റെ ഇൻലെറ്റ് പൈപ്പിന് സാരമായ കേടുപാടുകൾ സംഭവിച്ചു. 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിനു ശേഷം മഴവെള്ളം കനാലിന്റെ അടിഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഫിൽറ്റർ പൈപ്പ് വഴി സമീപവാസിയുടെ സ്ഥലത്ത് സ്വാഭാവികമായി രൂപപ്പെട്ട ഒരു ഗർത്തത്തിലൂടെ ക്രമാതീതമായ രീതിയിൽ പുറത്തേക്കു വരാൻ തുടങ്ങി. 2019-ന് ഉണ്ടായ പ്രളയത്തിൽ കനാൽകരയിൽ സ്ഥാപിച്ച ഒരു മെഗാവാട്ട് സോളാർ പ്ലാന്റിന്റെ 300 പാനലുകൾക്ക് കേടുപാടുകൾ സംഭവിച്ചു. പുഴ കരകവിഞ്ഞു കനാലിലേക്ക് പ്രവേശിച്ചുവെങ്കിലും പദ്ധതി നിർമ്മിതികൾക്കു കേടുപാടുകൾ സംഭവിച്ചിട്ടില്ല. |
| (ബി) | 2018 ലെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തനസ്ഥിതി വിശദമാക്കാമോ? | (ബി) | 2018-ലെ പ്രളയത്തിനെ തുടർന്ന് വൈദ്യുതി ഉൽപാദനം പുനരാരംഭിക്കാൻ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. ട്രഞ്ച് വിയർ, കനാൽ, ഫോർബേ ടാങ്ക്, ഇവയിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്തു.<br>2. കേടുപാടുകൾ സംഭവിച്ച യൂണിറ്റ് 2 മെഷിൻ ഇൻലെറ്റ് പൈപ്പ് മാറ്റി സ്ഥാപിച്ചു.<br>3. എൻ.ഐ.ടി കോഴിക്കോടിന്റെ നിർദ്ദേശാനുസരണം സമീപവാസിയുടെ സ്ഥലത്തു സ്വാഭാവികമായി രൂപപ്പെട്ട ഗർത്തത്തിലൂടെ വരുന്ന വെള്ളം നിയന്ത്രിക്കാനായി 120 മീറ്റർ കനാലിന്റെ പാർശ്വഭിത്തികളും അടിഭാഗവും സിമന്റ് വാട്ടർ പ്രൂഫിങ്ങ് ഉപയോഗിച്ച് ബലപ്പെടുത്തി ഭാഗികമായി പരിഹരിച്ചു. ഐ.ഐ.ടി റൂർക്കിയുടെ സാങ്കേതിക സഹായത്തോടെ പൂർണ്ണമായും പരിഹരിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>പദ്ധതി നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. 2019-ജൂൺ മാസം മുതൽ ഇതുവരെ 15 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനം സാധ്യമാക്കി. ജലലഭ്യതക്കനുസരിച്ച് മൂന്ന് മെഷിനുകളിൽ നിന്നും വൈദ്യുതി ഉത്പാദനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ